ഖുത്വ്ബ
14.9.2007
ബയ്ത്തുൽ ഫുത്തൂഹ്, ലണ്ടൻ

# ശരീരേച്ഛകളോട് പോരാടി വ്രതാനുഷ്ഠാനം ധന്യമാക്കുക

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ
كَمَا كُتِبَ عَلَى الَّذِينَ مِن قَبْلِكُمْ
لَعَلَّكُمْ تَتَّقُونَ

**അ**ല്ലയോ വിശ്വസിച്ചവരേ, നിങ്ങൾക്കു മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ സൂക്ഷ്മത പാലിക്കാൻവേി (2:185).

നോമ്പ് നിർബന്ധമാക്കപ്പെട്ടതിനെ സംബന്ധിച്ചുള്ള അല്ലാഹുവിന്റെ നിർദ്ദേശവും കല്പനയുമാണിത്. അല്ലാഹു അവന്റെ അനുഗ്രഹത്താൽ, ഈ വർഷം നോമ്പ് പിടിക്കാനുള്ള അവസരം വീും നമുക്ക് നല്കിയിരിക്കുന്നു. അവൻ നമ്മുടെ ആത്മീയോന്നമനത്തിനായി ഏറ്റവും ഉന്നതമായ മാർഗ്ഗമാണ് ചെയ്തുതന്നിട്ടുള്ളത്. അതിൽ നാം പങ്കെടുക്കുകയാണ്. ഇന്നലെ മുതൽ ആരംഭിച്ച ആ എണ്ണപ്പെട്ട ദിനങ്ങളിലൂടെ നാം കടന്നുപോകുകയാണ്. അല്ലാഹു പറഞ്ഞതനുസരിച്ച്, നാം ഭക്തിയിൽ അഭിവൃദ്ധിപ്പെടുകയും അവന്റെ സാമീപ്യം കരസ്ഥമാക്കുകയും നമ്മുടെ പ്രാർത്ഥന സ്വീകാര്യയോഗ്യമാക്കുകയും നമ്മുടെ ദീനീപരവും സ്വഭാവപരവും ആത്മീയവുമായ അവസ്ഥ നന്നാക്കിത്തീർക്കുകയും ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ ഈ ദിനങ്ങളെ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഓരോ അഹ്മദിയും ശ്രദ്ധിക്കേതാണ്. അല്ലാഹു പറയുന്നു: നിങ്ങൾക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്ന ഈ നോമ്പ്, ആത്മീയോന്നമനത്തിനും ഭക്തിയിൽ അഭിവൃദ്ധിപ്പെടുന്നതിനും വളരെ ആവശ്യമാണ്. മുൻകഴിഞ്ഞ പ്രവാചകന്മാരുടെ അനുയായികൾക്ക് അവരുടെ മനഃപരിശുദ്ധിയ്ക്കും ആത്മീയോന്നമനത്തിനും അല്ലാഹുവിന്റെ അടുപ്പം ലഭിക്കുന്നതിനും വേി ഇത് നിർബന്ധമാക്കപ്പെട്ടിരുന്നു.

വളരെ പ്രധാനപ്പെട്ട ഒരു കല്പനയാണിത്. ഇതിന്റെ ആചരണം ഭക്തിയിൽ ഉന്നതി പ്രാപിക്കാൻ നമ്മെ സഹായിക്കുന്നു. മുൻകഴിഞ്ഞ പ്രവാചകന്മാരുടെ അനുയായികളും അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുകയും അവന്റെ അനുഗ്രഹങ്ങളുടെ അവകാശികളാകുകയും ചെയ്തു. കാരണം അവർ യാതൊന്നും നോക്കാതെ അല്ലാഹുവിന്റെ കല്പന പാലിച്ചു. അല്ലാഹു തന്റെ കല്പനകൾ ഏതെങ്കിലും നബിയുടെമേൽ ഇറക്കിയിട്ടുള്ളപ്പോഴും, ലോകത്തിന്റെ പരിഷ്കരണത്തിന്നായി അവൻ റസൂൽമാരെ അയച്ചിട്ടുള്ളപ്പോഴുമെല്ലാം, അവരുടെ അനുയായികൾ മാത്രമാണ് അല്ലാഹുവിന്റെ സാമീപ്യം പ്രാപിച്ചതും അവന്റെ അനുഗ്രഹങ്ങളിൽ ഭാഗഭാക്കായതും. അവർ ആ അയക്കപ്പെട്ടവരെ പരിപൂർണ്ണമായും പിൻപറ്റിക്കൊ് ആ മഹാന്മാർ കൊുവന്ന അധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിക്കുകയും അവർക്ക് നല്കപ്പെട്ട കല്പനകൾ പാലിക്കുകയും തങ്ങളുടെ ഭക്തിയുടെ നിലവാരം ഉയർത്തിക്കൊിരിക്കുകയും ചെയ്തു. അവർ നിഷേധിച്ചപ്പോൾ ആത്മീയമായ നിലവാരം ഇടിഞ്ഞുപോയതിനോടൊപ്പം, അവരുടെ പ്രൗഢിയും അന്തസ്സും ഭൗതികമായനിലയിലും കളഞ്ഞുകുളിച്ചു. അല്ലാഹു, വിശുദ്ധഖുർആനിൽ ഇതിനെക്കുറിച്ച് പറഞ്ഞിട്ടു്.

നബിമാരെ വിശ്വസിച്ചവരോട് ഭക്തിയിലൂടെ നടക്കാൻ അല്ലാഹുതആല ഉപദേശിക്കുമ്പോൾ, നിങ്ങൾ ഭക്തിയുടെ ഏറ്റവും ഉന്നതമായനില കരസ്ഥമാക്കിയെങ്കിൽ മാത്രമേ ഭൗതികവും ആത്മീയവുമായ അനുഗ്രഹങ്ങൾ പ്രാപിക്കുന്നവരായിത്തീരുകയുള്ളൂ എന്നും പറയുന്നു. എങ്കിലേ അവന്റെ സ്വർഗ്ഗത്തിന് അവകാശികളാകുകയുള്ളൂ. അവൻ പറയുന്നു: ***വലിമൻ ഖാഫ മഖാമ റബ്ബിഹീ ജന്നത്താൻ*** ആരാണോ തന്റെ റബ്ബിന്റെ പ്രൗഢിയെ ഭയപ്പെടുന്നത്, അവന് ര് സ്വർഗ്ഗമു്. അതുകൊ് അല്ലാഹുവിനോടുള്ള ഭക്തി അവലംബിച്ചുകൊ്, അവന്റെ സ്ഥാനത്തെ തിരിച്ചറിയുക. എല്ലാ ശക്തിപ്രഭാവങ്ങളുടേയും അധികാരി അവനാണ്. അവനോടുള്ള ഭയവും ഏറ്റവും കൂടുതൽ നിങ്ങളുടെ മനസ്സിലുായിരിക്കണം. അപ്പോൾ ഈ ലോകത്തും അവന്റെ സ്വർഗ്ഗത്തിൽനിന്ന് ഓഹരി പ്രാപിക്കും. പരലോകത്തും അവന്റെ അനുഗ്രഹങ്ങളുടേയും സ്വർഗ്ഗത്തിന്റേയും അവകാശികളാകും.

ഓരോ അഹ്മദിമുസ്ലിമും, ഭക്തിയിൽ അഭിവൃദ്ധിപ്പെടാനും അല്ലാഹുവിന്റെ സ്വർഗ്ഗങ്ങൾക്ക് അവകാശിയാകാനും അവന്റെ സ്ഥാനം തിരിച്ചറിയേത്

നിർബന്ധമാണ്. ഈ തിരിച്ചറിവുാകുന്നത്, ആത്മാർത്ഥ മായും അല്ലാഹുവിന്റേതായിക്കൊ് അവന്റെ കല്പ നകൾ അനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. ആ കല്പ നകളിൽ ഒന്ന്, റമദാൻ മാസത്തിലെ നോമ്പാചരണമാണ്. പരിപൂർണ്ണവും തികവുറ്റതുമായ ഒരു ഗ്രന്ഥത്തെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാരാകുന്നു. തന്റെ നിഅ്മ ത്തുകളെ പരിപൂർണ്ണമാക്കിയിരിക്കുന്നുവെന്ന് അല്ലാഹു വെളിപ്പെടുത്തിയിട്ടുള്ള ആ ഗ്രന്ഥത്തെ വിശ്വസിക്കുന്ന വരാണ് നമ്മൾ. ഖിയാമത്തുന്നാൾവരെ നിലനിറുത്തു മെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള ആ മഹത്തായ ഗ്രന്ഥത്തെ വിശ്വസിച്ചിട്ടുള്ള ഭാഗ്യശാലികളാണ് നമ്മൾ; അല്ലാഹു ഖാത്തമുൽ അമ്പിയാഅ് എന്നു പറഞ്ഞു കൊ് എല്ലാ നബിമാരേക്കാളും ശ്രേഷ്ഠനാക്കിയ, അവ സാന ശരീഅത്തുമായിവന്ന ആ അവസാനനബി (സ)യെ വിശ്വസിക്കുന്ന ഭാഗ്യവാന്മാർ.

തങ്ങളുടെ ജനതകളെ ഭക്തിയിൽ നിലനിറുത്താനാണ് മുൻകഴിഞ്ഞ റസൂൽമാർ വന്നത്. ആ ജനതയുടെ കഴിവുകളും ശക്തികളുമനുസരിച്ച് അല്ലാഹുവിന്റെ കല്പ നകൾ അവർ നിറവേറ്റിക്കൊിരിക്കുകയും ചെയ്തു. പക്ഷേ, വിശുദ്ധഖുർആൻ ലോകം മുഴുവനുമുള്ള എക്കാലത്തേയും എല്ലാ ജനതകളുടേയും പരിഷ്കര ണത്തിനായുള്ള കല്പനകളുമായി നബി(സ)ന് ഇറങ്ങി യതാണ്. എല്ലാ ജനതകളേയും ഭക്തിയിൽ നിലനിറു ത്തുന്നതിനുവേി, ഇന്നും പുതിയതായിട്ടുള്ള കല്പ നകളുമായാണ് അത് നിലകൊള്ളുന്നത്. തുടർന്നും അത് നിലനില്ക്കുന്നതാണ്. ഈ കാര്യങ്ങൾ നമ്മളിൽനിന്ന് എന്താണ് ആവശ്യപ്പെടുന്നതെന്ന് ചിന്തിക്കണം. ഈ കല്പനകൾ ഇറക്കിക്കൊ് അല്ലാഹു നമ്മളിൽ അനു ഗ്രഹവും ഔദാര്യവും ചെയ്തിരിക്കുകയാണ്. ഇത് നമ്മ ളിൽനിന്ന് എന്താണ് തേടുന്നത്? ഇത് നമ്മളിൽനിന്ന് തേടുന്നത്, ഈ അവസാന ന്യായപ്രമാണ ഗ്രന്ഥത്തിൽ അല്ലാഹു പറഞ്ഞിട്ടുള്ള പരിപൂർണ്ണമായ അനുഗ്രഹം സമ്പാദിക്കാൻ ശ്രമിക്കുക എന്നാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തി ക്കാൻ, നമ്മുടെ കഴിവുകളെല്ലാം ഉപയോഗിക്കാൻ അത് നമ്മോടാവശ്യപ്പെടുന്നു. അല്ലാഹുവും അവന്റെ റസൂലും കല്പിച്ച മാർഗ്ഗത്തിൽ മുജാഹദ– പോരാട്ടം നടത്തുക. അല്ലാഹു പറയുന്നു: ***വല്ലദീനജാഹദൂ ഫീനാ ലനഹ്ദി യന്നഹും സുബുലനാ.*** നമ്മെ കുമുട്ടാൻ പരിശ്രമി ക്കുന്നവർക്ക്, നാം തീർച്ചയായും നമ്മുടെ വഴിയിലേക്ക് വരാൻ ഭാഗ്യം നല്കുന്നതാണ്. അല്ലാഹുവിനെ കു മുട്ടുന്നതിനായി ശരീരേച്ഛയുമായി പോരാട്ടം നടത്തേ തും പരിശ്രമിക്കേതും അത്യന്താപേക്ഷിതമാണ്. തന്റെ വഴിയിലേക്ക് വരാൻ ആത്മാർത്ഥതയോടെ പരി ശ്രമിക്കുന്നവർക്കാണ് അല്ലാഹു വഴികാട്ടുന്നത്. സ്വയം ഭക്തിമാർഗ്ഗത്തിലൂടെ നടക്കാൻ പരിശ്രമിക്കുന്ന വർക്കാണ് അല്ലാഹു അതിലൂടെ നടക്കാൻ ഭാഗ്യം നല്കുന്നത്. അല്ലാഹുവിലേക്ക് കുറഞ്ഞപക്ഷം നടന്നു വരാൻ ശ്രമിക്കുന്നവരുടെയടുത്തേക്ക് അവൻ ഓടിയെ ത്തുന്നു. അല്ലാഹു റമദാനെ ഭയഭക്തി കരസ്ഥമാക്കു ന്നതിനുള്ള ഒരു വലിയ മാർഗ്ഗമാക്കിയിരിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും അവന്റെ പാരി തോഷികങ്ങളും കരസ്ഥമാക്കാൻ, ആരാണോ സത്യ സന്ധതയോടെ പ്രവർത്തിക്കുന്നത് അവൻ പാപങ്ങ ളിൽനിന്ന് പരിശുദ്ധനാക്കപ്പെടുന്നു. അവന് നന്മ ചെയ്യാ നുള്ള തൗഫീഖ് കിട്ടുന്നു. അവൻ അല്ലാഹുവിന്റെ അനു ഗ്രഹം കരസ്ഥമാക്കുന്നവനായിത്തീരുന്നു. ഒരു നിവേ ദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂസഈദ് ഖുദ്രി(റ) നിവേദനം ചെയ്യുന്നു. നബികരീം(സ) പറഞ്ഞു: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ആരുംതന്നെ ഒരു ദിവസം വ്രതമനുഷ്ഠിക്കുകയില്ല, അതുകാരണം അവന്റെ മുഖത്തെ നരകത്തെത്തൊട്ട് 70 ശരത്കാ ലത്തെ വഴി അന്തരമാക്കിയിട്ടല്ലാതെ. അതായത് ശൈത്യകാലത്തിന്റേയും ഉഷ്ണകാലത്തിന്റേയും ഇട യിൽ എത്ര അന്തരമുാേ അതിനേക്കാൾ 70 ഇരട്ടി കൂടുതൽ അന്തരമുാക്കും. ഇത് ഉദാഹരണമാണ്. അതായത് അവനിൽനിന്ന് അഗ്നിയെ തികച്ചും അകറ്റി ക്കളയുന്നു.

അല്ലാഹുവിന്റെ വഴിയിൽ അവന്റെ അനുഗ്രഹം ആഗ്രഹിച്ചുകൊ് അവൻ കല്പിച്ച നോമ്പ് പിടിക്കേ തത്യാവശ്യമാണ്. അതിന്റെ പിന്നിൽ ഒരുതരത്തി ലുള്ള ഭൗതികോദ്ദേശ്യവും ഉായിരിക്കരുത്. തികച്ചും അവന്റെ തൃപ്തി കരസ്ഥമാക്കലായിരിക്കണം. എന്നാൽ, അല്ലാഹു സ്വന്തം ഇച്ഛയോട് പോരാടുന്നവരെ അഗ്നി യിൽനിന്ന് രക്ഷിക്കുമെന്നു മാത്രമല്ല, മറിച്ച് തന്റെ തൃപ്തി യുടെ സ്വർഗ്ഗങ്ങളിലും അവരെ പ്രവേശിപ്പിക്കുന്നതാണ്. അവന് ദീനും കിട്ടുന്നു. ലോകവും കിട്ടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'അല്ലാഹുവി ലേക്ക് ഓടുന്നവൻ ഒരിക്കലും പരാജയപ്പെടുകയില്ല.' ***അല്ലദീന ജാഹദൂ ഫീനാ ലനഹ്ദിയന്നഹും സുബു ലനാ*** എന്ന അവന്റെ സത്യമായ വാഗ്ദാനവുമു് (29:70). അല്ലാഹുവിന്റെ വഴി അന്വേഷിക്കാൻ ശ്രമിച്ചത് ആരാണോ അവൻ അവസാനം ഉദ്ദേശ്യലക്ഷ്യത്തിൽ എത്തിച്ചേരുന്നു. ഭൗതികമായ പരീക്ഷകൾക്കായി തയ്യാ റെടുപ്പ് നടത്തുന്നവനും, രാത്രിയെ പകലാക്കുന്നവനു മായ വിദ്യാർത്ഥിയുടെ കഠിനപരിശ്രമം കുകൊ് നമുക്ക് ദയയുാകുന്നുവെങ്കിൽ, അല്ലാഹുവിന്റെ ദയയും അനുഗ്രഹവും അതിരറ്റതും അന്തമില്ലാത്തതു മാണ്. അവൻ അതിലേക്ക് വരുന്നവരെ നഷ്ടപ്പെടുത്തി ക്കളയുമോ? ഒരിക്കലുമില്ല. ഒരിക്കലുമില്ല. അല്ലാഹു ആരുടേയും പരിശ്രമത്തെ പാഴാക്കിക്കളയുകയില്ല."

അതിനാൽ അല്ലാഹു തന്റെ അനുഗ്രഹംകൊ് നമുക്ക് അവസരം നല്കിയിരിക്കുകയാണ്. നമ്മെ ഈ മാസത്തിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. അല്ലാഹു വിന്റെ തൃപ്തി കാംക്ഷിച്ചുകൊുമാത്രം നോമ്പു പിടി

ക്കുന്നവർക്ക്, നബി(സ) തിരുമേനിയുടെ നിർദ്ദേശമനുസരിച്ച് നോമ്പ് പരിചയായിത്തീരുന്നു. മനുഷ്യന്റേയും അഗ്നിയുടേയുമിടയിൽ നോമ്പ് ഒരു പരിചയായി മാറുന്നു. നോമ്പ് മനുഷ്യന്റേയും തീയുടേയും ഇടയിൽ ശക്തമായ ഒരു കോട്ടയായും ചുറ്റുമതിലുമായും മാറുന്നു. അതിന്നുള്ളിലേക്ക് കടന്നുവന്ന് തീയ്ക്ക് അല്ലാഹുവിന്റെ ദാസരെ നശിപ്പിക്കാൻ സാധിക്കുകയില്ല.

ഖുദ്സിയായ ഹദീസിൽ വന്നിരിക്കുന്നു. അതായത്, അല്ലാഹു പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് നബി (സ) പറയുന്ന ഹദീസുകളാണ് ഖുദ്സിയായ ഹദീസുകൾ. ഈ ഹദീസ് ബുഖാരിയിൽ വന്നിട്ടുള്ളതാണ്. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി (സ) പറഞ്ഞു: "അല്ലാഹു പറയുന്നു: നോമ്പൊഴിച്ചുള്ള മനുഷ്യന്റെ മറ്റെല്ലാ കർമ്മങ്ങളും അവനു തന്നെയുള്ളതാണ്. എന്നാൽ, നോമ്പ് എനിക്കുവേണ്ടിയാണ്. ഞാൻ തന്നെ അതിന് പ്രതിഫലം നല്കും. നോമ്പ് പരിചയാണ്. നിങ്ങളിൽ ആർക്കെങ്കിലും നോമ്പുണ്ടെങ്കിൽ, അവൻ പൊളിവാക്കുകളും, അസഭ്യങ്ങളും പറയരുത്. ആരെങ്കിലും അവനെ ചീത്തപറയുകയോ അവനോട് വഴിക്കിടുകയോ ചെയ്താൽ, ഞാൻ നോമ്പുകാരനാണെന്ന് മാത്രം പറഞ്ഞൊഴിയേണ്ടതാണ്. മുഹമ്മദിന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണ! നോമ്പു നോൽക്കുന്നവന്റെ വായയുടെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയേക്കാൾ വളരെ പരിശുദ്ധമാണ്. നോമ്പുകാരന് രണ്ട് ആനന്ദമാണുള്ളത്. ഒന്ന് അവൻ നോമ്പ് മുറിക്കുമ്പോഴും മറ്റൊന്ന് തന്റെ നാഥനെ കുമുട്ടുമ്പോഴും. നോമ്പിന്റെ പേരിൽ അന്ന് അവൻ സന്തുഷ്ടനായിത്തീരും. ഇവിടെ നോമ്പിന്റെ പ്രതിഫലം അല്ലാഹു സ്വയം ഏറ്റെടുത്തിരിക്കുന്നു.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) പറഞ്ഞു: "നോമ്പ് പ്രതാപവാനായ അല്ലാഹുവിനുവേണ്ടി അനുഷ്ഠിക്കപ്പെടുന്നു. നോമ്പുകാരന്റെ പ്രതിഫലം അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ." അല്ലാഹു നന്മയ്ക്ക് എഴുന്നൂറിരട്ടിവരെ പ്രതിഫലം നല്കുമെന്ന് മറ്റൊരിടത്ത് പറയുന്നുണ്ട്. അതിനേക്കാൾ കൂടുതൽ നല്കുമെന്നും പറഞ്ഞതായി കാണാം. നോമ്പിന്റെ പ്രതിഫലം പറഞ്ഞിട്ടുള്ള പരിധിയേക്കാൾ വർദ്ധിക്കുന്നതാണ്. എത്രമാത്രം വർദ്ധിപ്പിച്ചുനല്കുമെന്ന് അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ. അല്ലാഹുവിന്റെ സത്തയും അവന്റെ ഗുണവിശേഷങ്ങളും അതിരില്ലാത്തതെന്നതുപോലെ, അവന്റെ പ്രതിഫലവും അതിരറ്റതാണ്. എത്ര പ്രതിഫലമുണ്ടാകുമെന്നത് മാനുഷചിന്തയ്ക്കതീതമാണ്. അത് അല്ലാഹുവിനു മാത്രമേ അറിയുകയുള്ളൂ എന്ന് നബി(സ) ഇവിടെ പറഞ്ഞിരിക്കുന്നു. പക്ഷേ, ചില പരിധികൾ അല്ലാഹു നോമ്പിനോടൊപ്പം വെച്ചിട്ടുണ്ട്. അതിരറ്റ പ്രതിഫലം ലഭിക്കാൻ, നിങ്ങൾക്ക് നിങ്ങളുടെ പരിധിക്കുള്ളിൽ നില്ക്കേണ്ടതായി വരും. അല്ലാഹു പറഞ്ഞ കല്പനകൾ പാലിക്കേണ്ടതായി വരും. പട്ടിണി കിടന്നാൽ മാത്രം പോരാ, പ്രത്യുത ഇന്ദ്രിയാശകളോട് പോരാടേണ്ടതായി വരും. ഹദീസിൽ പറഞ്ഞതുപോലെ തിന്മ കൈവിടേണ്ടിയും വരും. എല്ലാത്തരം വിഷയേച്ഛകളിൽനിന്ന് അകലേണ്ടിവരും. എന്നല്ല, അനുവദനീയമായ ചില കാര്യങ്ങളും അല്ലാഹുവിനുവേണ്ടി ഉപേക്ഷിക്കേണ്ടി വരുമെന്ന് മറ്റൊരിടത്തും അവൻ പറഞ്ഞിട്ടുണ്ട്. ഈ അവസ്ഥയുണ്ടായാൽ ആ നോമ്പായിരിക്കും അല്ലാഹുവിനുവേണ്ടി അനുഷ്ഠിക്കപ്പെടുന്നത്. തിന്മകൾ ഉപേക്ഷിക്കൽത്തന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നത്. പക്ഷേ, ഇത് താല്ക്കാലികമായിട്ടുള്ളതാകാൻ പാടില്ല. താല്ക്കാലികമായിട്ട് തിന്മയിൽ നിന്ന് അകന്നുനില്ക്കലല്ല. സ്ഥിരമായിട്ട് ആ ശീലം ഉണ്ടാക്കിയെടുക്കണം.

അല്ലാഹു മനുഷ്യന്റെ ഉള്ളിന്റെയുള്ളുവരെ അറിയുന്നവനാണ്. ഹൃദയാവസ്ഥ അറിയുന്നവനാണ്. മനുഷ്യപ്രവൃത്തിയുടെ പിന്നിലുള്ള ഉദ്ദേശ്യമെന്തെന്ന് അറിയുന്നവനാണ്. രഹസ്യവും പരസ്യവുമായതെല്ലാം അറിയുന്നവനാണ്. അവന്റെ ഗുണവിശേഷങ്ങൾ മുന്നിൽവെച്ചുകൊണ്ട് ഓരോ നോമ്പുകാരനും നോമ്പനുഷ്ഠിക്കുകയും ശരീരേച്ഛയോട് പോരാടുകയും ചെയ്താൽ ആ നോമ്പ് അവന് പ്രതിഫലമായിത്തീരും. 'ഇന്ന് ഞാൻ ഈ തെറ്റായ ചിന്താഗതികളിൽനിന്ന് അകന്നുനില്ക്കുമെന്ന വിചാരത്തോടെ നോമ്പുനോറ്റാൽ– റമളാനിൽ മാത്രമല്ല, എന്നെന്നേക്കുമായി– ആ നോമ്പ് അല്ലാഹുവിനുവേണ്ടിയുള്ളതായിരിക്കും.' അതാണ് അല്ലാഹുവിനുവേണ്ടി പിടിക്കുന്ന നോമ്പ് എന്നു പറയപ്പെടുന്നത്.

ആരെങ്കിലും ചീത്ത വിളിച്ചാൽ ഞാൻ നോമ്പുകാരനാണെന്നും നിന്റെ പൊളിവാക്കിന് മറുപടി പറയാൻ കഴിയില്ലെന്നും പറഞ്ഞ് ഒഴിഞ്ഞുമാറേണ്ടതാണ്. ഇതിന്റെ അർത്ഥം നോമ്പ് തുറക്കട്ടെ ഞാൻ കാണിച്ചുതരാം എന്നു പറയാമെന്നല്ല. നോമ്പ് ഒരു പരിശീലന കേമ്പാണ്. അതിൽ തിന്മകൾ ഉപേക്ഷിക്കാനുള്ള പരിശീലനമാണ് നല്കപ്പെടുന്നത്. ഇത് നോമ്പുകാരൻ ചെയ്യേണ്ട ഒരു മുജാഹദ അഥവാ പോരാട്ടമാണ്. അല്ലാഹുവിലേക്ക് വയ്ക്കുന്ന ശരിയായ ചുവട് എന്നു പറയപ്പെടുന്നത് സ്ഥിരസ്വഭാവത്തോടുകൂടി തിന്മകൾ ഉപേക്ഷിക്കാനുള്ള ശ്രമം തുടർന്നുകൊണ്ടിരിക്കുമ്പോഴാണ്. അവനാണ് തന്റെ റബ്ബിനെ കുമുട്ടുമ്പോൾ നോമ്പു പിടിച്ച കാരണത്താൽ സന്തോഷിക്കുന്നത്. എന്നാൽ, 30 ദിവസത്തെ നന്മ കൊണ്ടുമാത്രമാണോ തന്റെ തൃപ്തിയുടെ സ്ഥാനം അല്ലാഹു അവന് കൊടുക്കുകയും അവൻ സന്തോഷിക്കുകയും ചെയ്യുന്നത്. അല്ല, അവൻ സന്തോഷിക്കുന്നത് ഒരു റമളാനിലെ നോമ്പ് തന്റെ ഉള്ളിലെ തിന്മകൾക്ക് അന്ത്യം കുറിച്ചതുകൊണ്ടാണ്. തന്റെ വിഷയേച്ഛപരമായ അവസ്ഥകളെ അകറ്റാനുള്ള ശ്രമവും ഇസ്തിഗ്ഫാറും കൊണ്ട് അല്ലാഹുവിനുവേണ്ടി തന്റെ പാപങ്ങളെല്ലാം ഉപേക്ഷിക്കണം എന്ന വിചാരത്തോടെയുള്ള പരിശ്രമം കൊണ്ടാണ്. അതിനാൽ,

അല്ലാഹു സ്വയം അവനെ തിന്മകളിൽനിന്ന് അകറ്റിയ താണെന്ന് അവൻ മനസ്സിലാക്കുന്നു. ജീവിതത്തിലെ ഓരോ റമളാനും ഈ പരിശ്രമോദ്ദേശ്യത്തോടെ വരിക യും വർഷത്തിലെ ഓരോ മാസവും റമളാനിൽ നേടി യെടുത്ത നന്മകൾ നടപ്പിൽവരുത്തിക്കൊ് കടന്നുപോ കുകയും വർഷത്തിലെ ഓരോ ദിവസം ഈ 30 ദിവ സത്തെ പരിശീലനംകൊ് തിന്മയിൽനിന്ന് അകന്നു കൊ് കടന്നുപോകുകയും ചെയ്യുകയാണെങ്കിൽ അവ സാനം അല്ലാഹു അവനെ അവന്റെ തൃപ്തി കരസ്ഥമാ ക്കുന്നവനാക്കിത്തീർക്കും. തന്റെ തിന്മകളെ റമളാന്റെ അനുഗ്രഹംകൊ് അല്ലാഹു തന്നിൽനിന്നകറ്റുകയും തന്റെ നന്മകളിലും ഭക്തിയിലും അഭിവൃദ്ധിപ്പെടാനുള്ള അവസരം തനിക്ക് നല്കുകയും താൻ ആത്മാർത്ഥയോ ടുകൂടി നോമ്പ് നോല്ക്കുകയും ശരീരേച്ഛയോട് പോരാടിക്കൊ് തന്റെ കർമ്മങ്ങൾ നന്നാക്കി ത്തീർക്കാൻ ശ്രമിക്കുകയും തന്റെ ആരാധനാകർമ്മങ്ങ ളുടെ നിലവാരം ഉയർത്തുകയും ചെയ്തതുകൊ് ഇന്ന് താൻ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവ നായിത്തീർന്നു എന്ന് മനസ്സിലാക്കി ദാസൻ സന്തോ ഷിക്കുന്ന സ്ഥാനമായിരിക്കും അത്.

റമദാൻ സമാഗതമായിരിക്കുന്നു. അതുകൊ് നമ്മുടെ ആരാധനാകർമ്മങ്ങൾ മെച്ചപ്പെടുത്തേ ആവശ്യം നമുക്കു്. നമ്മുടെ കർമ്മങ്ങളെ പരിശോ ധിച്ച് അവയെ അല്ലാഹുവിന്റെ കല്പനയ്ക്ക് വിധേയ മാക്കി അനുഷ്ഠിക്കേ ആവശ്യമു്. പരീക്ഷയ്ക്ക് തയ്യാറാവുന്ന വിദ്യാർത്ഥി കഠിനപരിശ്രമം ചെയ്ത് രാത്രിയെ പകലാക്കുന്നതുപോലെ നാം ആരാധനാകർമ്മ ങ്ങളിൽ വ്യാപൃതരാകണം. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ നമ്മളും നമ്മുടെ രാത്രികളെ ഈ ദിനങ്ങളിൽ അല്ലാഹുവിനുവേി ചെലവഴിക്കാൻ ശ്രമിച്ചാൽ റഹീമും കരീമുമായവനും ദുആ സ്വീകരിച്ച് ഉത്തരം ചെയ്യുന്നവനുമായ അല്ലാഹു തന്റെ വാഗ്ദാന മനുസരിച്ച് നമ്മെ തന്റെ തൃപ്തിയുടെ മാർഗ്ഗങ്ങളിൽ കയറ്റിയിടുന്നതാണ്. അവന്റെ തൃപ്തിയുടെ പാതയി ലേക്ക് നമ്മെ കൊുവരുന്നതാണ്. തന്റെ പ്രത്യേക ദാസരെ അനുഗ്രഹിക്കുന്നതുപോലെ നമ്മയേയും അനു ഗ്രഹിക്കുന്നതാണ്. നമ്മുടെ ഭക്തിയുടെ നിലവാരത്തെ തന്റെ സാമീപ്യം കിട്ടുന്ന സ്ഥാനംവരെ അവൻ ഉയർത്തുന്നതുമാണ്.

അതുകൊ് നോമ്പിനെ അല്ലാഹു പരിചയാക്കി യിട്ടുങ്കെിൽ ആ പരിച ഉപയോഗിക്കുകയും വേണം. പരിച ബലമായും ശരിയായ രീതിയിലും മുമ്പിൽ പിടി ക്കുന്നില്ലെങ്കിൽ ശത്രുവിന്റെ ഒറ്റവെട്ട് അതിനെ കാറ്റിൽ പറത്തിക്കളയുന്നു. പരിചയ്ക്ക് അതിന്റെ സഹായം നല്കാൻ സാധിക്കുകയില്ല.

ശയ്ത്വാൻ എല്ലാ ആക്രമണകാരിയേക്കാളും ശക്തനാണ്. അല്ലാഹുവിനെ ആരാധിക്കുന്നതിൽ അഭി വൃദ്ധിപ്പെടുകയും തങ്ങളുടെ രാത്രികളെ ജീവിപ്പിക്കു കയും അല്ലാഹുവിന്റെ കല്പനകളെ ബലമായി പിടിക്കു കയും ചെയ്തുകൊുമാത്രമേ ഈ നോമ്പിനെ ഒരു വിശ്വാസിക്ക് ശരിയായ നിലയിൽ പ്രയോജനപ്പെടു ത്താനും ശയ്ത്വാന്റെ ആക്രമണത്തിൽനിന്ന് സുരക്ഷിതരായിരിക്കാനും സാധിക്കുകയുള്ളൂ. അതി നുവേി ഈ പരിശീലനനാളുകൾ അല്ലാഹു നല്കി യിരിക്കുകയാണ്. നരകത്തിന്റെ അഗ്നയിൽനിന്ന് രക്ഷി ക്കുന്നതിനായി, നോമ്പ് കോട്ടയായി പ്രവർത്തിക്കുന്നത് കോട്ടയുടെ എല്ലാ വാതിലുകളിലും തന്റെ ആരാധന കളും കർമ്മങ്ങളും കാവലായി ഏർപ്പെടുത്തുമ്പോഴാ ണ്. പിന്നീട് ഈ കാവലും അല്ലാഹുവിന്റെ അനുഗ്രഹം കൊ് ഉയർത്തിപ്പെട്ടിട്ടുള്ള ശക്തമായ കോട്ടയുടെ ഭിത്തികളും നരകത്തീയിൽനിന്ന് ഈ ലോകത്തും ഓരോ സത്യവിശ്വാസിയായ ദാസനേയും രക്ഷപ്പെടുത്തുന്നതാ ണ്, ആഖിറത്തിലും രക്ഷപ്പെടുത്തുന്നതാണ്. അല്ലാഹു വിന്റെ തൃപ്തി കരസ്ഥമാക്കലും ഭക്തിയിൽ പദമൂന്നലും സത്യവിശ്വാസിയായ ഒരു ദാസന്റെ ജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ചുകൊ് ഈ ലോകത്തേയും പരലോ കത്തേയും അനുഗ്രഹങ്ങളാൽ സത്യവിശ്വാസിയായ ദാസനെ അണിയിച്ചൊരുക്കുന്നതാണ്.

അതുകൊ് നാം അല്ലാഹു ഏർപ്പെടുത്തിയി ട്ടുള്ള ഈ അവസരത്തെ പ്രയോജനപ്പെടുത്തണം. അവൻ പറഞ്ഞിട്ടുള്ള കല്പനയനുസരിച്ച് ഈ ദിനങ്ങൾ കഴിച്ചുകൂട്ടിക്കൊ് ഭക്തിയിലുയരണം. നബി(സ) തിരു മേനിക്ക് മുമ്പേ വന്ന നബിമാരുടെ അധ്യാപനങ്ങൾ കാലി കവും താല്ക്കാലികവുമായിരുന്നു. അത് കഴിഞ്ഞുകട ന്നുപോയി. അവരുടെ അധ്യാപനം താല്ക്കാലികമായ ഭക്തി നല്കുന്നതിനുവേിയായിരുന്നു. ആ അധ്യാപ നങ്ങൾ അവസാനിച്ചതോടെ അതിലെ പുതുമ നിലനി ന്നില്ല. അതായത്, ഭക്തി നിലനിന്നില്ല. പക്ഷേ, അവൻ പറഞ്ഞതുപോലെ ഇസ്‌ലാമിന്റെ അധ്യാപനം എന്നന്നേ ക്കുമായി ജീവനോടെ നിലനില്ക്കുന്നു. വിശുദ്ധഖുർ ആന്റെ കല്പനകൾ എന്നന്നേക്കുമായി നിലനില്ക്കുന്നു. മറ്റു മതങ്ങളിലെ നോമ്പുകളിൽ വിഷയേച്ഛകൾ കടന്നു കൂടിയിരിക്കുകയാണ്. നമ്മുടെ അധ്യാപനവും കല്പന കളും യഥാർത്ഥ നിലയിൽ ജീവനോടെ നിലകൊള്ളു ന്നവയാണ്.

അതുകൊ് നമുക്ക് നമ്മുടെ തഖ്‌വയുടെ നില വാരം ഉയർത്തിവെക്കുന്നതിനായി എന്നെന്നും കഠിന പരിശ്രമം നടത്തിക്കൊിരിക്കേത് ആവശ്യമാണ്. ഭക്തിയുടെ കോണിയിൽ കാല് വെച്ചുകൊ് അല്ലാഹു വിന്റെ തൃപ്തി കരസ്ഥമാക്കാനും അവന്റെ സാമീപ്യം പ്രാപിക്കാനും ഏറ്റവും ഉന്നതസ്ഥാനം കരസ്ഥമാക്കാൻ അവൻ കല്പിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കാനും അവൻ നമ്മെ അനുഗ്രഹിച്ചിരിക്കുകയാണ്. ആ കോണിയിൽ നാം കയറേതു്. അതിന്റെ ഉന്നതിക്ക് അതിർത്തിയില്ല. നമ്മളിൽ ഓരോരുത്തരും നമ്മുടെ കഴി

വനുസരിച്ച് ആ ഉന്നതി കരസ്ഥമാക്കാൻ ശ്രമിക്കണം. ഒന്നിനു പിറകെ മറ്റൊരു ചുവട് വെച്ചുകൊ് മുകളിലേക്ക് ഉയർന്നുപോകേതാണ്. അതിനുവേി ശ്രമിക്കേതാണ്. അല്ലാഹുതആല നമ്മെ ഉത്കൃഷ്ടസമുദായമാക്കിക്കൊ് ആരാധനാകർമ്മങ്ങളുടേയും സൽക്കർമ്മങ്ങളുടേയും ഉന്നതമായ വഴിയും കാണിച്ചു തന്നിരിക്കുന്നു. നാം ഉത്തമസമുദായം എന്നു പറയപ്പെടുന്നത് ഈ നിലവാരം കരസ്ഥമാക്കുന്നവരായിത്തീരുമ്പോഴും ഒന്നിനുപിറകെ മറ്റൊരു നില കരസ്ഥമാക്കാൻ പരിശ്രമിച്ചുകൊു പോകുമ്പോഴുമാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ വേി ചെയ്യപ്പെട്ട ഈ കർമ്മങ്ങൾ തന്നെയാണ് ഭക്തി എന്നറിയപ്പെടുന്നത്. അത് കരസ്ഥമാക്കുന്നതിനായി റമദാനിൽ നോമ്പ് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നമുക്ക് ഈ റമദാനിൽ തഖ്വ അഥവാ ഭയഭക്തി കരസ്ഥമാക്കാനുള്ള പോരാട്ടത്തിന് സൗഭാഗ്യം നല്കുമാറാകട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നോമ്പിന്റെ യാഥാർത്ഥ്യത്തിലും ജനങ്ങൾ അജ്ഞരാണ്. വിശപ്പും ദാഹവും സഹിച്ചിരിക്കുക എന്നതു മാത്രമല്ല നോമ്പ്. മറിച്ച് അതിന്നൊരു പ്രഭാവമു്. അതിന്നൊരു സ്വാധീനമു്. അത് അനുഭവം കൊാണ് മനസ്സിലാകുന്നത്. എത്രത്തോളം കുറച്ച് ഭക്ഷിക്കുന്നുവോ അത്രത്തോളം മനഃപരിശുദ്ധിയുാകുന്നുവെന്നത് മാനുഷികമായ പ്രകൃതിയാണ്. ദിവ്യദർശനശക്തി വർദ്ധിക്കുന്നു. ഇതുകൊ് അല്ലാഹു ഉദ്ദേശിക്കുന്നത് ഒരു ഭക്ഷണം കുറയ്ക്കുകയും മറ്റൊരു ഭക്ഷണം വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ്. നോമ്പുകൊുള്ള ഉദ്ദേശ്യം വിശന്നിരിക്കുക എന്നത് മാത്രമല്ലെന്ന കാര്യം നോമ്പുകാരൻ എപ്പോഴും ഓർത്തിരിക്കണം; അവന് ഭൗതികതയോടുള്ള വിരക്തിയുാകാൻ എപ്പോഴും ദൈവസ്മരണയിൽ മുഴുകിയിരിക്കേതാണ്. നോമ്പുകൊുള്ള ഉദ്ദേശ്യം ശരീരത്തെ പോഷിപ്പിക്കുന്ന ഒരു ഭക്ഷണമുപേക്ഷിച്ചുകൊ് അവന് തൃപ്തിക്കും സന്തോഷത്തിനും കാരണമാകുന്ന മറ്റൊരു ഭക്ഷണം സമ്പാദിക്കുകയും ചെയ്യുക എന്നതാണ്. ചടങ്ങെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേി മാത്രം നോമ്പ് പിടിക്കുന്നത് അവന് മറ്റേ ഭക്ഷണം ലഭിക്കാൻ അല്ലാഹുവിനെ സ്തുതിക്കുന്നതിലും സ്തോത്രം ചെയ്യുന്നതിലും ലാഇലാഇല്ലാഹ് എന്ന് ഉച്ഛരിച്ചുകൊിരിക്കുന്നതിലും മുഴുകേതാണ്."

ഇതാണ് നോമ്പുകാരന്റെ ഉദ്ദേശ്യം. ഇതുമുഖേന അല്ലാഹുവിന്റെ സാമീപ്യവും ഭക്തിയും കൈവരുന്നതാണ്. തന്റെ ദാസരെ അല്ലാഹു മുന്നോട്ടെത്തിയെടുത്ത് തന്റെ മടിത്തട്ടിലിരുത്തുന്നതാണ്. അവന് തന്നെക്കുറിച്ചുള്ള ജ്ഞാനം നല്കുന്നതാണ്. തന്റെ സമ്മാനവും നല്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സത്യസന്ധതയോടും സദുദ്ദേശ്യത്തോടും കൂടി ആരാണോ തന്റെ മാർഗ്ഗം തിരയുന്നത് താൻ അവർക്ക് സന്മാർഗ്ഗത്തിന്റേയും ഈശ്വരീയജ്ഞാനത്തിന്റേയും വഴികൾ തുറന്നുകൊടുക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ***വല്ലദീന ജാഹദൂ ഫീന ലനഹ്ദിയന്നഹും സുബുലനാ*** എന്ന് അവൻതന്നെ പറഞ്ഞതുപോലെ. അതായത്, ആരാണോ നമ്മളിലായിക്കൊ് ശരീരേച്ഛകൾക്കെതിരെ പോരാടുന്നത് നാം അവനിൽ നമ്മുടെ വഴികൾ തുറക്കുന്നതാണ്. പറഞ്ഞു. നമ്മളിലായിക്കൊ് എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യം ആത്മാർത്ഥതയുടേയും സദുദ്ദേശ്യത്തിന്റേയും അടിസ്ഥാനത്തിൽ അല്ലാഹുവിനെ തിരയുക എന്നതുമാത്രമായിരിക്കും അവരുടെ ഉദ്ദേശ്യം എന്നുള്ളതാണ്. അവരാണ് യഥാർത്ഥത്തിൽ പരിശ്രമിക്കുന്നവർ.

അല്ലാഹുവിന്റെ തൃപ്തി സമ്പാദിക്കുക എന്ന ഉദ്ദേശ്യത്തോടെ ഈ റമദാൻ കഴിച്ചുകൂട്ടാൻ അല്ലാഹു നമുക്ക് ഭാഗ്യം നല്കുമാറാകട്ടെ. നമ്മുടെ നോമ്പ് അല്ലാഹുവിനുവേി മാത്രമുള്ളതായിരിക്കട്ടെ. അത് നമ്മുടെ ജീവിതത്തിന്റെ സ്ഥിരഭാഗമായിരിക്കട്ടെ. നമ്മെ എപ്പോഴും ഭക്തിയിൽ നിലനിറുത്തുന്നവരാക്കിത്തീർക്കട്ടെ.

രാം ഖുത്ബയ്ക്ക് മുമ്പേ ഹുസൂർ പറഞ്ഞു: ഈ സമയത്ത് ഞാൻ ചില പരേതാത്മക്കളെക്കുറിച്ച് സ്മരിക്കുകയാണ്. കഴിഞ്ഞ ദിനങ്ങളിൽ അവർ വഫാത്തായി. അവരുടെ ജനാസാ നമസ്കാരം കഴിഞ്ഞു. പക്ഷേ, ഇവർക്കും ഇവരുടെ മക്കൾക്കും വേി ദുആ ചെയ്യുന്നതിനാണ് ഞാൻ ഇത് പറയുന്നത്. ഒന്ന് മുഹത്തരമ സയ്യിദ ബീഗം സാഹിബ. ഇവർ പരേതനായ ഹദ്റത്ത് മൗലാനാ ജലാലുദ്ദീൻ സാഹിബ് ശംസിന്റെ ഭാര്യയായിരുന്നു. 94–ാമത്തെ വയസ്സിൽ 2007 സെപ്തംബർ 5–ാം തിയ്യതി അമേരിക്കയിൽ വഫാത്തായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബിയായിരുന്ന ഖാജാ ഉബയ്ദുല്ലാ സാഹിബി(റ)ന്റെ മകളാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യാണ് ഇവരുടെ വിവാഹം ഹദ്റത്ത് ശംസ് സാഹിബുമായി ഉറപ്പിച്ചത്. 1932–ലായിരുന്നു നിക്കാഹ്. 1956–ലെ ജൽസയിൽ ലജ്നയോട് ചെയ്ത പ്രഭാഷണത്തിൽ മുസ്ലിഹ് മൗഊദ്(റ) പറഞ്ഞു: "നമ്മുടെ ഒരു മുബല്ലിഗ് മൗലവി ജലാലുദ്ദീൻ സാഹിബ് ശംസ് വിവാഹത്തിന് കുറച്ചുദിവസം കഴിഞ്ഞ് യൂറോപ്പിൽ തബ്ലീഗിനുവേി പോയി. അവരുടെ ജീവിതസംഭവങ്ങൾ കേൾക്കുമ്പോൾ വിഷമം തോന്നാറു്. ഒരിക്കൽ അവരുടെ മകൻ വീട്ടിൽവന്നു. തന്റെ മാതാവിനോട് ചോദിച്ചു. അമ്മ, അബ്ബാ എന്നു പറയുന്നതാരെയാണ്? സ്കൂളിൽ കുട്ടികൾ അബ്ബാ അബ്ബാ എന്നു പറയാറു്. അവർക്കറിയില്ല തങ്ങളുടെ അബ്ബ ആരാണെന്ന്." കാരണം കുട്ടികൾക്ക് മൂന്നുനാല് വയസ്സുള്ളപ്പോഴായിരുന്നു ശംസ് സാഹിബ് ഇവിടെ ലനിൽ തബ്ലീഗിനായി എത്തിയത്. തിരിച്ചു ചെന്നപ്പോൾ കുട്ടികൾക്ക് 17, 18 വയസ്സ് പ്രായമായിരുന്നു. അവർ വളരെ ത്യാഗം ചെയ്താണ് കുട്ടികളെ വളർത്തിയത്. ഒരു പരാതിയും പ്രകടിപ്പിച്ചില്ല. ഭർത്താവിൽനിന്ന് അകന്ന്

താമസിക്കാൻ നിർബന്ധിതയായി. കാരണം അന്നത്തെ ജമാഅത്തിന്റെ അവസ്ഥ അങ്ങനെയായിരുന്നു. അക്കാലത്തെ മുബല്ലിഗുമാരും അവരുടെ ഭാര്യമാരും വലിയ വലിയ ത്യാഗങ്ങളാണ് ചെയ്തിരുന്നത്. മൂസിയ ആയിരുന്നു. സാത്ത്വികയായിരുന്നു. നമ്മുടെ വക്കീലുത്തസ്നീഫ് മുനീറുദ്ദീൻ സാഹിബ് ശംസിന്റെ ഉമ്മയാണ്. നാല് ആൺമക്കളു്.

മൗലാനാ അബുൽ അത്ത്വാ സാഹിബ് ജലന്ധരിയുടെ ഭാര്യ സയ്യിദ ബീഗം സാഹിബയാണ് രാമത്തേത്. 95 വയസ്സായിരുന്നു. 2007 സെപ്തംബർ 6-നാണ് വഫത്തായത്. ഇവരുടെ ജനാസയും നമസ്കരിച്ചുകഴിഞ്ഞു. ഇവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബി ഹദ്റത്ത് മൗലവി മുഹമ്മദ് അബ്ദുല്ലാഹ് സാഹിബ് ബോത്താൽവി(റ)ന്റെ മകളായിരുന്നു. ഇവരുടെ വിവാഹബന്ധവും ഹദ്റത്ത് മുസ്ലിഹ് മൗഊദ(റ)ണ് അമ്മാജാൻ(റ.ഹ) പറഞ്ഞതനുസരിച്ച് മൗലാനാ അബുൽ അത്താ സാഹിബുമായി ഉറപ്പിച്ചത്. നിക്കാഹ് കർമ്മം നിർവ്വഹിച്ചതും മുസ്ലിഹ് മൗഊദ്(റ) ആയിരുന്നു. സാത്ത്വികയും ആരാധനാകർമ്മങ്ങളിൽ നിഷ്ഠയുമായിരുന്നു. നമ്മുടെ ലൻ പള്ളി ഇമാം മൗലാനാ അത്ത്വാഉൽ മജീദ് സാഹിബ് റാശിദിന്റെ ഉമ്മയാണ്. ഖിലാഫത്തുമായിട്ട് ഈ ര് മഹതികൾക്കും വലിയ ബന്ധമായിരുന്നു. ഇവരുടെ താമസം ഇവിടെയായിരുന്നു. എന്നെ കാണാനും വരാറുായിരുന്നു. അത്ഭുതകരമായ സ്നേഹവും ആത്മാർത്ഥതയും കൂറും അവരുടെ കണ്ണുകളിൽ തിളങ്ങുന്നത് കാണാമായിരുന്നു. എട്ടിലൊന്ന് വസിയ്യത്ത് ചെയ്തവരുടെ കൂട്ടത്തിലാണ് അവരുടെ സ്ഥാനം.

മൂന്നാമത്തേത് നാസിറ ബീഗം സാഹിബ. ഇവർ ചൗദരി സയ്യിദ് മുഹമ്മദ് സർവർ സാഹിബിന്റെ ഭാര്യയായിരുന്നു. വഫാത്താകുമ്പോൾ 84 വയസ്സായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സഹാബി, ഗുരുദാസ്പൂർജില്ലയിലെ വിജ്വാ എന്ന സ്ഥലത്തെ ചൗദരി ഫക്കീർ മുഹമ്മദ് സാഹിബ്(റ)ന്റെ മകളാണ്. ഇദ്ദേഹം 1947-ൽ ഇന്ത്യാ വിഭജനകാലത്ത് ശഹീദാകുകയാണുായത്. അഹ്മദിയ്യാ പതാകയ്ക്കുവേിയുള്ള തുണി സ്വന്തം കൈകൊ് നെയ്തത് ഇദ്ദേഹമാണ്. ധൈര്യവാനായദായീ ഇലല്ലാഹ് ആയിരുന്നു. നാസിറാ ബീഗം സാഹിബയും ധൈര്യത്തോടെ മറ്റു സ്ത്രീകളോടൊപ്പം തബ്ലീഗിന് പോകാറുായിരുന്നു. നാല് ആൺമക്കളാണ്. അമേരിക്കയിലെ ഇൻചാർജ്ജ് മുബല്ലിഗ് ദാവൂദ് ഹനീഫ് സാഹിബാണ് ഒരു മകൻ. രാമത്തെ മകൻ മുനവ്വർ സാഹിബാണ്. അദ്ദേഹമാണ് ഇവിടുത്തെ സെക്രട്ടറി ഉമൂറെ ആമ. ഇവർ മൂന്നുപേരും ജമാഅത്തിലെ സാത്വികരും ആത്മാർത്ഥമായി ജമാഅത്തിനോട് ബന്ധമുള്ളവരും ദുആ ശീലരുമായിരുന്നു. അല്ലാഹു ഇവരുടെയെല്ലാം പദവികൾ ഉയർത്തുമാറാകട്ടെ. ഇവരുടെ മക്കൾക്കും ഇവർ ചെയ്ത നന്മകൾ നിലനിറുത്തുവാനും അത് തുടർന്നുകൊ് പോകുവാനും സൗഭാഗ്യം നല്കുമാറാകട്ടെ.

| | |
|---|---|
| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 14.9.2007 at Baithul Futuh, London. | *Translated by: Muhammad Ismail, Alleppey*<br>Mob: 94466 56123 Resi.: 0497 3294865<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |